# നീര: ഉൽപന്നങ്ങളുടെ വിപണന ഉദ്ഘാടനം രണ്ടിന്

കോട്ടയം ● സംസ്ഥാനത്തു നീര ഉൽപാദനത്തിനും നീരസംസ്കരണത്തിനുംശേഷം വിപണിയിലെത്തിക്കുന്ന വിവിധ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണന ഉദ്ഘാടനം രണ്ടിനു 10.30നു ബിസിഎം കോളജ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കും. നാളികേര വികസന ബോർഡിന്റെയും സംസ്ഥാന എക്സൈസ് വകുപ്പിന്റെയും നേതൃത്വത്തിലാണു പരിപാടി. മന്ത്രി കെ. ബാബു യോഗത്തിൽ അധ്യക്ഷത വഹിക്കും. വിവിധ ഏജൻസികൾക്കുള്ള നീര ഉൽപാദന ലൈസൻസ് വിതരണവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രി കെ. എം. മാണി മുഖ്യപ്രഭാഷണവും നീരയിൽനിന്നുള്ള വിവിധ മൂല്യവർധിത ഉൽപന്നങ്ങളുടെ ആദ്യ വിപണനവും നിർവഹിക്കും. നീര ടെക്നീഷ്യന്മാർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കും. മന്ത്രി കെ. പി. മോഹനൻ നീര ഉൽപാദന ഉപകരണങ്ങൾ വിതരണം ചെയ്യും.

നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് നീരയെയും മൂല്യവർധിത ഉൽപന്നങ്ങളെയും ആസ്പദമാക്കി വിഷയാവതരണം നടത്തും. മധുരക്കള്ളായ നീരയെ സംബന്ധിച്ച എക്സൈസ് വകുപ്പിന്റെ നിയമവശങ്ങൾ ജോയിന്റ് എക്സൈസ് കമ്മിഷണർ ആർ. കെ. ശ്രീകുമാരൻ ചെട്ടിയാർ വിശദീകരിക്കും.